©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. 22 |

# PART III

# State Transport Authority

### Motor Vehicles Department

ലേല വിളംബരം

നമ്പർ ആർ3/326/2017/ഐ.ഡി.എ. 2016 ഏപ്രിൽ 28.

വാഹന നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയതിനെ തുടർന്ന് 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ 11(1)-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത് അടിമാലി, മൂന്നാർ എന്നീ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചു വരുന്നവയും താഴെ പട്ടികയിൽ പറയുന്നവയുമായ വാഹനങ്ങൾ അവയുടെ ഉടമസ്ഥർ നികുതി കുടിശ്ശിക തീർത്ത് വാഹനങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറല്ലാത്തതിനാൽ, ടി നിയമത്തിലെ 11(2), 11(3) എന്നീ വകുപ്പുകൾ പ്രകാരം നിലവിലുള്ള സ്ഥിതിയിലും അവസ്ഥയിലും പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും വച്ച് പരസ്യമായി ലേലം ചെയ്ത് വിൽപന നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 27-5-2017-ാം തീയതി ലേലം ആരംഭിക്കുന്നതിനുമുൻപ് ഓരോ വാഹനത്തിനും പ്രത്യേകം നിരതദ്രവ്യം പണമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ച് ലേല സമയം ഹാജരുള്ളവരെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ദേവികുളം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ പ്രസ്തുത വാഹനങ്ങൾ ഓരോന്നും പ്രത്യേകം ലേലം ചെയ്യുന്നതും ലേലതുക തൃപ്തികരമെങ്കിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നയാളുടെ പേരിൽ വിൽപ്പന ഉറപ്പിക്കുന്നതുമാണ്. പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാലോ മറ്റേതെങ്കിലും കാരണവശാലോ നിശ്ചയിച്ച ദിവസം ലേലം നടക്കാതെ വന്നാൽ 3-6-2017-ാം തീയതി അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.

പട്ടിക

| ക്രമ നമ്പർ | വാഹനത്തിന്റെ രജി. നമ്പർ, ഇനം, നിർമ്മിച്ച വർഷം | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം | സർക്കാരിലേക്കുള്ള ഏകദേശ കുടിശ്ശിക ` | നിരത ദ്രവ്യം ` | ലേലം നടത്തുന്ന സ്ഥലം, തീയതി, സമയം |
|---|---|---|---|---|---|
| 1 | കെ.എൽ-06-ബി-7197 ബജാജ് ഓട്ടോറിക്ഷ പെട്രോൾ, 2002 | അടിമാലി പോലീസ് സ്റ്റേഷൻ | 8,378 | 500 | അടിമാലി പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 2 | കെ.എൽ-17-6250 ബജാജ് ഓട്ടോറിക്ഷ പെട്രോൾ, 2003 | മൂന്നാർ പോലീസ് സ്റ്റേഷൻ | 10,531 | 500 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 3 | കെ.എൽ-44-6467 പിയാജിയോ ആപേ, ഡീസൽ ഓട്ടോറിക്ഷ, 2008 | മൂന്നാർ പോലീസ് സ്റ്റേഷൻ | 7,840 | 500 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 4 | കെ.എൽ-06-ഡി-6724 പിയാജിയോ ആപേ, ഡീസൽ ഓട്ടോറിക്ഷ, 2006 | മൂന്നാർ പോലീസ് സ്റ്റേഷൻ | 12,065 | 500 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 5 | കെ.എൽ-06-എഫ്-9236 ടാറ്റാ മാജിക് ഐറിസ്, മോട്ടോർ ക്യാബ്, 2012 | മൂന്നാർ പോലീസ് സ്റ്റേഷൻ | 13,615 | 500 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 6 | കെ.എൽ-47-എ-587 ടാറ്റാ ടിപ്പർ (ഹെവി ഗുഡ്സ്), 2008 | മൂന്നാർ പോലീസ് സ്റ്റേഷൻ | 2,49,949 | 5000 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |
| 7 | കെ.എൽ-68-1971 ടാറ്റാ മാജിക് ഐറിസ്, മോട്ടോർ ക്യാബ്, 2013 | മൂന്നാർ പോലീസ് സ്റ്റേഷൻ | 7,924 | 500 | മൂന്നാർ പോലീസ് സ്റ്റേഷൻ പരിസരം 27-5-2017 രാവിലെ 11.30 |

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അടിമാലിയിലെ ദേവികുളം സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പ്രവർത്തി സമയത്ത് ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്. ഫോൺ നമ്പർ 04864-222628. ഇ-മെയിൽ വിലാസം k168@keralamvd.gov.in

നിബന്ധനകൾ

(1) വാഹനങ്ങൾ ദേവികുളം ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ അനുവാദത്തോടെ വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് ചെന്ന് പരിശോധിച്ച് അവയുടെ നിലവിലെ സ്ഥിതിയും അവസ്ഥയും ബോധ്യപ്പെട്ടുകൊള്ളേണ്ടതും രജിസ്ട്രേഷൻ വിവരങ്ങൾ ദേവികുളം സബ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ പരിശോധിക്കാവുന്നതും ലേലത്തിനുശേഷം അവ സംബന്ധിച്ചുള്ള പരാതികൾ പരിഗണിക്കാത്തതുമാകുന്നു.

(2) ലേലത്തിൽ പങ്കെടുക്കുന്നവർ ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ്, പാസ്പോർട്ട്, പാൻ കാർഡ് അഥവാ മറ്റേതെങ്കിലും നിയമാനുസൃതമായ തിരിച്ചറിയൽ രേഖ ഇവയിൽ ഏതെങ്കിലുമൊന്ന് ഹാജരാക്കേണ്ടതാണ്.

(3) ലേലനടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യക്ഷമായോ പരോക്ഷമായോ ലേലത്തിൽ പങ്കെടുക്കുവാനോ വാഹനം കൈവശപ്പെടുത്തുവാനോ പാടുള്ളതല്ല.

(4) ലേലത്തിൽ പങ്കെടുക്കുന്നതിന് 27-5-2017-ാം തീയതി ലേലം ആരംഭിക്കുന്നതിനുമുമ്പ് ഓരോ വാഹനത്തിനും പ്രത്യേകം നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലേലത്തിൽ പങ്കെടുക്കുവാൻ വരുന്നവരെ പരിഗണിക്കുന്നതല്ല.

(5) ലേലത്തിൽ പങ്കെടുക്കുന്നതിന് നിശ്ചിത സ്ഥലത്തും സമയത്തും ഹാജരുള്ളവരെ മാത്രം ഉൾപ്പെടുത്തി ഓരോ വാഹനത്തിനും ലേലം നടത്തുന്നതും ലേലതുക തൃപ്തികരമെങ്കിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയുടെ പേരിൽ ലേലം താൽകാലികമായി ഉറപ്പിച്ചു നൽകുന്നതും ടി വ്യക്തി ഉടൻതന്നെ ലേലത്തുകയുടെ 25 ശതമാനം തുക അടയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ടിയാന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അതിൽമേൽ ടിയാന് യാതൊരുവിധ അവകാശവും ഇല്ലാത്തതും, അടുത്ത കൂടുതൽ തുക വിളിച്ചയാളുടെ പേരിൽ ലേലം താല്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.

(6) ലേലത്തിൽ പരാജയപ്പെടുന്നവർ നിരതദ്രവ്യം അതേ ദിവസം ലേലം അവസാനിക്കുമ്പോൾ തന്നെ തിരികെ കൈപ്പറ്റേണ്ടതാണ്.

(7) ലേലത്തിൽ വിജയിച്ചവർ ബാക്കി തുകയും വിൽപന നികുതിയും ബാധകമായ മറ്റേതെങ്കിലും നികുതിയോ ചാർജ്ജുകളോ ഉണ്ടെങ്കിൽ അവയും ലേലം നടത്തിയ തീയതിമുതൽ 7 ദിവസത്തിനകം സർക്കാരിലേക്ക് ഒടുക്കി വാഹനം ഏറ്റുവാങ്ങേണ്ടതും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പോലീസ് സ്റ്റേഷനുകളിൽ നിന്നും മാറ്റേണ്ടതുമാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം ഉൾപ്പെടെ അടച്ചിട്ടുള്ള തുക കണ്ടുകെട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതും തൻമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ലേലക്കാരന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ ലാഭമുണ്ടായാൽ ആയതിന് മുൻലേലക്കാരന് യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല.

(8) ലേലം സ്ഥിരപ്പെടുത്തുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ കാരണം ബോധിപ്പിക്കാതെ റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. അപ്രകാരം ഏതെങ്കിലും വാഹനത്തിന്റെ ലേലം റദ്ദുചെയ്യുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്താൽ ലേലത്തിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

(9) വാഹനത്തിന്റെ ആർ. സി. ബുക്ക് ലഭ്യമല്ലെങ്കിൽ ലേലം വിളിച്ചവർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഡ്യൂപ്ളിക്കേറ്റ് ആർ. സി. ബുക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പുക മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് തുടങ്ങിയ നിയമാനുസൃതമായ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതും ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(10) വാഹന സംബന്ധമായ ഫീസുകൾ, പിഴകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ ബാധ്യതകൾക്കും ലേലം സ്ഥിരപ്പെടുത്തുന്ന തീയതി മുതലുള്ള വാഹന നികുതിക്കും വാഹനം ലേലം കൊണ്ടവർ ഉത്തരവാദികളായിരിക്കും.

(11) ഏതെങ്കിലും കാരണവശാൽ വിൽപ്പന സ്ഥിരപ്പെടുത്താതിരുന്നാൽ ലേലം വിജയിക്കുന്നവർക്ക് അവർ ഒടുക്കിയ തുക മടക്കി നൽകുന്നതായിരിക്കും.

(12) 27-5-2017 പൊതു അവധിദിനമായി പ്രഖ്യാപിക്കപ്പെട്ടാലോ മറ്റേതെങ്കിലും കാരണത്താൽ ലേലം നടത്തുവാൻ സാധിക്കാതെ വന്നാലോ 3-6-2017-ാം തീയതി അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.

(13) മോട്ടോർ വാഹന വകുപ്പിലെ നിലവിലുള്ള പൊതു നിയമങ്ങളും വാഹനലേലം സംബന്ധിച്ചുള്ള മറ്റു നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
ദേവികുളം, അടിമാലി.

(ഒപ്പ്)
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ.